**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6716** **21-03-2023 - ൽ മറുപടിയ്ക്ക്**

**കാഞ്ഞിരപ്പള്ളി ഐ.എച്ച്.ആർ.ഡി. ക്ക് സ്ഥലം അനുവദിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കാഞ്ഞിരപ്പള്ളി പേട്ട ഗവൺമെന്റ് ഹൈസ്കൂൾ ഉടമസ്ഥതയിലുള്ള സ്ഥലം കാഞ്ഞിരപ്പള്ളി ഐ.എച്ച്.ആർ.ഡി.ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി വിട്ടുനൽകുന്ന നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) | കാഞ്ഞിരപ്പള്ളി പേട്ട ഗവൺമെന്റ് ഹൈസ്കൂൾ ഉടമസ്ഥതയിലുള്ള 50.75 സെന്റ് സ്ഥലം കാഞ്ഞിരപ്പള്ളി കോളേജ് ഓഫ് അപ്ലൈഡ് സയൻസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി ഐ.എച്ച് .ആർ.ഡി.ക്ക് വിട്ടുനൽകികൊണ്ട് 16/03/2023 ൽ സർക്കാർ ഉത്തരവായിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് **അനുബന്ധമായി** ചേർക്കുന്നു. |
| (ബി) | പ്രസ്തുത വിഷയം സംബന്ധിച്ച് ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെയും പൊതുവിദ്യാഭ്യാസ വകുപ്പിന്റെയും സംയുക്ത യോഗത്തിലെടുത്ത തീരുമാനം എന്നത്തേക്ക് നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; | (ബി) | കാഞ്ഞിരപ്പള്ളി പേട്ട ഗവൺമെന്റ് ഹൈസ്കൂൾ ഉടമസ്ഥതയിലുള്ള 50.75 സെന്റ് സ്ഥലം കാഞ്ഞിരപ്പള്ളി കോളേജ് ഓഫ് അപ്ലൈഡ് സയൻസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി ഐ.എച്ച് .ആർ.ഡി.ക്ക് വിട്ടുനൽകികൊണ്ട് 16/03/2023 ൽ സർക്കാർ ഉത്തരവായിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് **അനുബന്ധമായി** ചേർക്കുന്നു. |
| (സി) | സ്ഥലമില്ലാത്ത കാരണത്താൽ മാത്രം, ഐ.എച്ച്.ആർ.ഡി.ക്ക് മഹാത്മാഗാന്ധി സർവകലാശാല നൽകിയിരിക്കുന്ന അഫിലിയേഷൻ ഈ അദ്ധ്യയന വർഷം കഴിയുന്നതോടെ നഷ്ടപ്പെട്ടുമെന്ന സാഹചര്യം കണക്കിലെടുത്ത് സ്ഥലം അനുവദിക്കുന്ന നടപടികൾ ത്വരിതപ്പെടുത്താമോ? | (സി) | കാഞ്ഞിരപ്പള്ളി പേട്ട ഗവൺമെന്റ് ഹൈസ്കൂൾ ഉടമസ്ഥതയിലുള്ള 50.75 സെന്റ് സ്ഥലം കാഞ്ഞിരപ്പള്ളി കോളേജ് ഓഫ് അപ്ലൈഡ് സയൻസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി ഐ.എച്ച് .ആർ.ഡി.ക്ക് വിട്ടുനൽകികൊണ്ട് 16/03/2023 ൽ സർക്കാർ ഉത്തരവായിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് **അനുബന്ധമായി** ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് -കോട്ടയം കാഞ്ഞിരപ്പള്ളി പേട്ട ഗവ. ഹൈസ്കൂളിന്റെ പഴയ കെട്ടിടങ്ങളിൽ പ്രവർത്തിച്ചുവരുന്ന ഐ.എച്ച്.ആർ.ഡി യുടെ കോളേജ് ഓഫ് അപ്ലൈഡ് സയൻസിന് കെട്ടിടം നിർമ്മിക്കുന്നതിനായി ടി സ്കൂളിന്റെ 50.75 സെന്റ് സ്ഥലം വിട്ടുനൽകിക്കൊണ്ട് -ഉത്തരവ് പുറപ്പെടുവിക്കുന്നു .

---

**പൊതു വിദ്യാഭ്യാസ (എം )വകുപ്പ്**

സ.ഉ.(സാധാ) നം.1945/2023/GEDN തീയതി,തിരുവനന്തപുരം, 16-03-2023

---

പരാമർശം:-

1. പൊതു വിദ്യാഭ്യാസ -ഉന്നത വിദ്യാഭ്യാസ മന്ത്രിമാരുടെ അധ്യക്ഷതയിൽ 11 / 07 / 2022 ൽ കൂടിയ യോഗം .
2. ഐ .എച്ച് .ആർഡി ഡയറക്ടറുടെ 10/08/2022 ലെ C.N.9339/20210/HRD നമ്പർ കത്ത്.
3. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 22/12/2022 ലെ W1/10123/2022/DGEനമ്പർ കത്ത്.
4. ഐ .എച്ച് .ആർഡി ഡയറക്ടറുടെ 23/01/2023 ലെ C.N.9339/20210/HRDനമ്പർ കത്ത്
5. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 06/03/2023 ലെ W1/10123/2022/DGE നമ്പർ കത്ത്.

**ഉത്തരവ്**

കോട്ടയം കാഞ്ഞിരപ്പള്ളിയിൽ ഐ.എച്ച്.ആർ.ഡി -യുടെ കോളേജ് ഓഫ് അപ്ലൈഡ് സയൻസ് പ്രവർത്തനം ആരംഭിച്ച 2010 മുതൽ കാഞ്ഞിരപ്പള്ളി പേട്ട ഗവ. ഹൈസ്കൂളിന്റെ ഒഴിഞ്ഞു കിടന്നിരുന്ന പഴയ ഓടിട്ട കെട്ടിടങ്ങളിലും വാടകകെട്ടിടങ്ങളിലുമായാണ് പ്രവർത്തിച്ചു വരുന്നതെന്നും ടി കോളേജിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുവാൻ ആവശ്യമായ സ്ഥലം ലഭ്യമാക്കുവാൻ ശ്രമിച്ചുവന്നിരുന്നുവെന്നും സ്വകാര്യവ്യക്തികളുടെ സ്ഥലം മാർക്കറ്റ് വിലകൊടുത്തു വാങ്ങുവാൻ ഐ.എച്ച്.ആർ.ഡിയ്ക്ക് സാമ്പത്തിക സ്ഥിതി ഇല്ലാത്തതിനാൽ അനുയോജ്യമായ സ്ഥലം കണ്ടെത്തുവാൻ ഇതുവരെ കഴിഞ്ഞിട്ടില്ലായെന്നും സ്വന്തമായ സ്ഥിരം ക്യാമ്പസിലേക്ക് കോളേജ് മാറ്റി സ്ഥാപിക്കണമെന്ന് എം.ജി യൂണിവേഴ്സിറ്റി ആവശ്യപ്പെട്ടിട്ടുണ്ടെന്നും പരാമർശം പ്രകാരമുള്ള യോഗം വിലയിരുത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ ടി കോളേജിന് പ്രസ്തുത ഹൈസ്കൂൾ ക്യാമ്പസിൽ അനുവദിക്കാൻ സാധിക്കുന്ന ഭൂമിയുടെ സ്കെച്ച് തയ്യാറാക്കി ആയത് അനുവദിക്കുന്നതിനുള്ള അപേക്ഷ ഐ.എച്ച്.ആർ.ഡി ഡയറക്ടർ സർക്കാറിൽ സമർപ്പിക്കണമെന്ന് പ്രസ്തുത യോഗം തീരുമാനിക്കുകയും ചെയ്തിരുന്നു.

2) പ്രസ്തുത യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ബഹു.കാഞ്ഞിരപ്പള്ളി നിയോജക മണ്ഡലം എം.എൽ.എ യുടെ അധ്യക്ഷതയിൽ ജനപ്രതിനിധികളും, സ്കൂൾ അധികൃതരും ,പി.റ്റി.എ ഭാരവാഹികളും, ഐ.എച്ച്.ആർ.ഡി പ്രതിനിധികളും പങ്കെടുത്ത യോഗത്തിൽ ടി വിഷയം വിശദമായി ചർച്ച ചെയ്യുകയും ടി സ്കൂളിന്റെ പ്രവർത്തനങ്ങൾ തടസ്സപ്പെടാത്ത രീതിയിൽ കോമ്പൗണ്ടുകൾ ചുറ്റമതിൽ കെട്ടി വേർതിരിച്ച് സ്കൂൾ ക്യാമ്പസിൽ ആകെയുള്ള 1.30.37 Hectare (3 Acre 22 cent) ഭൂമിയിൽ നിന്നും കോളേജ് ഇപ്പോൾ പ്രവർത്തിച്ചു വരുന്ന കെട്ടിടങ്ങൾ ഉൾപ്പെടുന്ന 20.55 ആർ (50.75 സെന്റ്) ഭൂമി കോളേജിന് അനുവദിക്കുവാൻ കഴിയുമെന്ന് യോഗം കണ്ടെത്തുകയുണ്ടായി .ആയതിന്റെ അടിസ്ഥാനത്തിൽ ടി കോളജിനായി പ്രസ്തുത സ്കൂളിന്റെ 20.55 ആർ (50.75 സെന്റ്) സ്ഥലം ടി കോളേജിനായി വിട്ടുനൽകണമെന്ന് സ്ഥലത്തിന്റെ സർവ്വേ സ്കെച്ച് സഹിതം പരാമർശം 2 പ്രകാരം ഐ .എച്ച് .ആർ.ഡി ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു .

3) ഐ.എച്ച്.ആർ.ഡി നിലവിൽ പ്രവർത്തിച്ചുവരുന്ന ടി ഗവ .ഹൈ സ്കൂളിന്റെ 9 ക്ലാസ് മുറികൾ സ്ഥിതി ചെയ്യുന്ന 50.75 സെന്റ് സ്ഥലം ഐ .എച്ച് .ആർഡിയ്ക്ക് വിട്ടുനൽകാവുന്നതാണെന്നും എന്നാൽ വിട്ടുനൽകപ്പെടുന്ന സ്ഥലത്ത് നിൽക്കുന്ന സ്കൂൾ കെട്ടിടങ്ങൾ പൊളിച്ച് ഐ .എച്ച് .ആർ .ഡി പുതിയ കെട്ടിടങ്ങൾ പണിയുമ്പോൾ നഷ്ടമാകുന്ന ടി കെട്ടിടങ്ങൾക്ക് പകരം സ്കൂളിനായി പുതിയ കെട്ടിടങ്ങൾ ഐ.എച്ച്.ആർ.ഡി നിർമ്മിച്ച് നൽകുകയോ കെട്ടിടങ്ങൾ നഷ്ടപ്പെടുന്നത് പരമാവധി ഒഴിവാക്കി ഐ .എച്ച് .ആർ .ഡി ആവശ്യപ്പെട്ട സ്ഥലം അനുവദിക്കാനാകുന്ന തരത്തിൽ സ്ഥലം അളന്ന് വേർതിരിച്ച് പഴയ കെട്ടിടങ്ങൾ സ്കൂളിനുതന്നെ മടക്കിനൽകുകയോ ചെയ്യാവുന്നതാണെന്നും പരാമർശം 3 പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

4) ഐ.എച്ച്.ആർ.ഡി - യുടെ ടി അപ്ലൈഡ് സയൻസ് കോളേജിന്റെ കെട്ടിട നിർമ്മാണത്തിനായി സ്ഥലം വിട്ടുനൽകുമ്പോൾ പ്രസ്തുത ഹൈസ്കൂളിന്റെ ഏതാനും ചില ഭാഗങ്ങൾ നഷ്ടപ്പെടുമ്പോഴുണ്ടാകുന്ന അസൗകര്യങ്ങൾ പരിഗണിച്ചുകൊണ്ട് സ്കൂളിന് ആവശ്യമായ കെട്ടിടം നിർമ്മിക്കുവാനുള്ള തുക എം.എൽ.എ - യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമെന്ന് സ്ഥലം എം.എൽ.എ പൊതു വിദ്യാഭ്യാസ ഡയറക്ടറെ അറിയിച്ചിട്ടുള്ളതിനാൽ ടി ഹൈസ്കൂൾ ക്യാമ്പസിൽ നിന്നും സർവ്വേ സ്കെച്ച് പ്രകാരമുള്ള 50.75 സെന്റ് സ്ഥലത്തിന്റെ ഉടമസ്ഥാവകാശം പൊതു വിദ്യാഭ്യാസ വകുപ്പിൽ നിലനിർത്തിക്കൊണ്ട് ആയത് സൗജന്യമായി അനുവദിച്ചുനൽകണമെന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ പ്രസ്തുത റിപ്പോർട്ടിന്മേൽ ഐ .എച്ച് .ആർ .ഡി ഡയറക്ടർ പരാമർശം 4 പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

5) ടി കോളേജിന് കെട്ടിടം നിർമ്മിക്കുന്നതിനായി പേട്ട ഗവ .ഹൈ സ്കൂളിന്റെ സ്ഥലം വിട്ടുനൽകുമ്പോൾ സ്കൂളിനുണ്ടാകുന്ന അസൗകര്യങ്ങൾക്ക് പകരമായി കെട്ടിടം നിർമ്മിച്ച് നൽകുന്നതിന് എം .എൽ .എ യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് ബഹു. സ്ഥലം എം .എൽ .എ അറിയിച്ചിട്ടുണ്ടെന്നും മേൽ സാഹചര്യത്തിൽ കാഞ്ഞിരപ്പള്ളി പേട്ട ഗവ.ഹൈസ്കൂളിന്റെ 50.75 സെന്റ് സ്ഥലം, സ്ഥലത്തിന്റെ ഉടമസ്ഥാവകാശം പൊതു വിദ്യാഭ്യാസ വകുപ്പിൽതന്നെ നിലനിർത്തി ഐ.എച്ച്.ആർ.ഡി യ്ക്ക് വിട്ടുനൽകാവുന്നതാണെന്നും പൊതു വിദ്യാഭ്യാസ ഡയറക്ടർ പരാമർശം 5 പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട് .

6) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു .ആയതിന്റെ അടിസ്ഥാനത്തിൽ,

ഐ.എച്ച്.ആർ.ഡി-യ്ക്ക് കീഴിൽ കോട്ടയം കാഞ്ഞിരപ്പള്ളി പേട്ട ഗവ. ഹൈസ്കൂളിന്റെ പഴയ ഓടിട്ട കെട്ടിടങ്ങളിൽ പ്രവർത്തിച്ചുവരുന്ന കോളേജ് ഓഫ് അപ്ലൈഡ് സയൻസിന് പുതിയ കെട്ടിടം നിർ മ്മിക്കുന്നതിനായി **ടി സ്കൂളിന്റെ 50.75 സെന്റ് (20.55 Are) സ്ഥലം** ,സ്ഥലത്തിന്റെ ഉടമസ്ഥാവകാശം പൊതു വിദ്യാഭ്യാസ വകുപ്പിൽ നില നിൽക്കുന്നതാണ് ,ടി കോളേജിന്റെ പ്രവർത്തനം യാതൊരു വിധത്തിലും സ്കൂൾ പ്രവർത്തനത്തെ ബാധിക്കാൻ പാടില്ല , സ്കൂൾ - കോളേജ് കോമ്പൗണ്ടുകൾ ചുറ്റുമതിൽ കെട്ടി വേർതിരിക്കേണ്ടതാണ് എന്നീ വ്യവസ്ഥകളോടെയും ,നഷ്ടപ്പെടുന്ന സ്കൂൾ കെട്ടിടങ്ങൾക്ക് പകരമായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലം എം .എൽ .എ യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും തുക ലഭ്യമാക്കുന്നതിനായുള്ള നടപടികൾ പൊതുവിദ്യാഭ്യാസ ഡയറക്ടർ സ്വീകരിക്കേണ്ടതാണ് എന്ന നിർദ്ദേശത്തോടെയും , **ഐ .എച്ച് .ആർ .ഡി .യ്ക്ക് അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു** .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജയശ്രീ എം
ജോയിന്റ് സെക്രട്ടറി

1) പൊതു വിദ്യാഭ്യാസ ഡയറക്ടർ ,തിരുവനന്തപുരം
2) ഡയറക്ടർ ,ഐ .എച്ച് .ആർ .ഡി ,തിരുവനന്തപുരം
3) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് ) കേരളം ,തിരുവനന്തപുരം
4) അക്കൗണ്ടന്റ് ജനറൽ (എ &ഇ ) കേരളം ,തിരുവനന്തപുരം.
5) പ്രിൻസിപ്പൽ ,കോളേജ് ഓഫ് അപ്ലൈഡ് സയൻസ് ,
കാഞ്ഞിരപ്പള്ളി കോട്ടയം .
6) പ്രധാനാധ്യാപകൻ ,ഗവ .ഹൈസ്കൂൾ പേട്ട ,കാഞ്ഞിരപ്പള്ളി ,കോട്ടയം
7) ചീഫ് എക്സിക്യൂട്ടിവ് ഓഫിസർ KITE ,തിരുവനന്തപുരം .
8) ഉന്നത വിദ്യാഭ്യാസ (ജെ ) വകുപ്പ് (U .O (f ) J 1/239/2022/HEDN
dated 02/02/2023 .
9) വിവര പൊതുജന സമ്പർക്ക (വെബ് &ന്യൂ മീഡിയ ) വകുപ്പ്
10) സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി(File.No.M1/218/2022/GEDN)

ഉത്തരവിൻ പ്രകാരം
Signed by
Namitha T
സെക്ഷൻ ഓഫീസർ
Date: 16-03-2023 14:45:53